**കേരള കാർഷിക സർവകലാശാല**
**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം**
**അമ്പലവയൽ, വയനാട്**

മൊബൈൽ: 9188224421, ഫോൺ: 04936 260421/260561
ഇമെയിൽ: rarsamb@kau.in/ adramb@kau.in

C2/6507/2025 തീയതി 14.11.2025

## ക്വട്ടേഷൻ നോട്ടീസ്

ഈ കേന്ദ്രത്തിലെ [കേരള കാർഷിക സർവകലാശാലയുടെ കീഴിൽ അമ്പലവയലിൽ പ്രവർത്തിക്കുന്ന പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം] സ്ഥിരം/കാഷ്വൽ തൊഴിലാളികൾക്ക് 2025-2026 സാമ്പത്തിക വർഷത്തിൽ ഗുണനിലവാരമുള്ള ഗംബൂട്ട് വിതരണം ചെയ്യാൻ താല്പര്യമുള്ള ജി.എസ്.ടി രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ നിന്നും മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ക്വട്ടേഷൻ നമ്പർ | C2/6507/2025 |
| ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതിയും, സമയവും | 28 .11.2025, 12.00 pm |
| ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും | 28.11.2025, 12.30 pm |
| ക്വട്ടേഷൻ കാലാവധി | ഒരു വർഷം ( ടെൻഡർ അംഗീകരിച്ച തീയതി മുതൽ) |
| ക്വട്ടേഷൻ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും | അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ, പിൻ-673593 |

### നിബന്ധനകൾ

1. ക്വട്ടേഷൻ അടങ്ങുന്ന സീൽ ചെയ്ത കവറിനു പുറത്ത് **'ഗംബൂട്ട് വിതരണം ചെയ്ത് തരുന്നതിനുള്ള ക്വട്ടേഷൻ** എന്ന് രേഖപ്പെടുത്തിയിരിക്കണം.
2. ക്വട്ടേഷനിൽ ഒരു ജോഡി ഗംബൂട്ടിന്റെ വിലയും , ബ്രാൻഡും വ്യക്തമാക്കണം (എല്ലാ നികുതിയും മറ്റു ചെലവുകളുണ്ടെങ്കിൽ അതുമടക്കമുള്ള തുക) ഏറ്റവും ചുരുങ്ങിയ വില കാണിച്ച ക്വട്ടേഷൻ പ്രാദേശിക മാർക്കറ്റ് വിലയുമായി താരതമ്യം ചെയ്ത്, മിതമായതാണെങ്കിൽ അംഗീകരിക്കുന്നതാണ്.
3. ക്വട്ടേഷൻ തുറക്കുന്ന സമയത്ത് ഗംബൂട്ടിന്റെ സാമ്പിളുകൾ ഹാജരാക്കേണ്ടതാണ്.
4. ക്വട്ടേഷനോടൊപ്പം നിരത്രവ്യം **'അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് , പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ'** എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൊളഗപ്പാറ ശാഖയിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ ഓഫീസിൽ നേരിട്ട് അടച്ചോ ക്വട്ടേഷനിൽ പങ്കെടുക്കേണ്ടതാണ്.
5. നിർദ്ദിഷ്ട സമയത്തിനുശേഷം ലഭിക്കുന്നതും അപൂർണവുമായ ക്വട്ടേഷൻ സ്വീകരിക്കുന്നതല്ല.
6. ക്വട്ടേഷൻ മേൽസൂചിപ്പിച്ച വിലാസത്തിൽ നിശ്ചിത തീയതിയ്ക്കും, സമയത്തിനും മുൻപായി അയക്കേണ്ടതോ, നേരിട്ട് ഓഫീസിൽ എത്തിക്കേണ്ടതോ ആണ്.
7. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
8. നിശ്ചിത തീയതി/ സമയത്തിനു മുൻപായി കിട്ടിയ ക്വട്ടേഷനുകൾ അന്നേദിവസം 12.30 മണിക്ക് തന്നെ ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ സ്വീകാര്യമാണെന്ന് തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും. ആവശ്യമെങ്കിൽ സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ ലേലവും നടത്തുന്നതാണ്.
9. വിജയിയായ സ്ഥപനം/വ്യക്തി ഗംബൂട്ട് വിതരണം ചെയ്തതിനു ശേഷം നൽകുന്ന ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ചെക്ക് മുഖാന്തിരം ഗംബൂട്ടിന്റെ വില നൽകുന്നതാണ്.

10. വിതരണം ചെയ്യുന്ന ഗംബൂട്ട് ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടാൽ ക്വട്ടേഷൻ റദ്ദ് ചെയ്യാൻ കേന്ദ്രം മേധാവിയ്ക്ക് അധികാരമുണ്ടായിരിക്കും.
11. ക്വട്ടേഷൻ സ്വീകരിക്കുന്നതിനോ, മാറ്റി വെയ്ക്കുന്നതിനോ കാരണം കാണിക്കാതെ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.
12. നിലവിലുള്ള സർക്കാർ വ്യവസ്ഥകൾക്ക് അനുസരിച്ച് ആവശ്യമെങ്കിൽ ആദായനികുതി പിടിക്കുന്നതായിരിക്കും.
13. ക്വട്ടേഷൻ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം, അതേ സമയം ക്വട്ടേഷൻ സ്വീകരിക്കുന്നതും തുറന്നു പരിശോധിക്കുന്നതും ആണ്.
14. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.
15. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി സമയത്ത് ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

(ഫോൺ: 04936 260421/260561, മൊബൈൽ: 9188224421)

//അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിന്റെ ഉത്തരവിൻ പ്രകാരം//

(ഒപ്പ്)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്: കെ.എ.യു വെബ് സൈറ്റ്
നോട്ടീസ് ബോർഡ് (ആർ.എ.ആർ.എസ്, ഫാം ഓഫീസ്, കെ.വി.കെ)
ഫാം സൂപ്രണ്ട്/ ഫാം ഇൻ ചാർജ്ജ്/ അമ്പലവയൽ വില്ലേജ് ഓഫീസ്/ അമ്പലവയൽ പഞ്ചായത്ത് ഓഫീസ് / അമ്പലവയൽ കൃഷി ഭവൻ/

//ഉത്തരവിൻ പ്രകാരം//

സെക്ഷൻ ഓഫീസർ